I/36236/2023

**ഭരണഭാഷ-മാതൃഭാഷ**

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

**(ഹാജർ: നിപുൺ ജോസഫ്)**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം: ഡി.ഇ.എസ്– ജീവനക്കാര്യം –ശ്രീമതി.ഷിമ.പി.എം, ഓഫീസ് അറ്റൻഡന്റ് - തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്ക്ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 10/02/2021 ലെ ജി.ഒ (പി) 27/2021/ഫിൻനമ്പർ സർക്കാർ ഉത്തരവ്.
3. ഈ ആഫീസിലെ 16/01/2023 ലെ ഡിഇഎസ് 01/2023 -ഇ.എ(1) നമ്പർ ഉത്തരവ്
4. തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 08/02/2023 ലെ ഇഎ(2)/4214/2022/ഡിഒആർ നമ്പർ കത്ത്
5. ഗ്രഡേഷൻ സെല്ലിന്റെ 11/11/2022 ലെ ഡിഇഎസ്/4860/2021/ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നം: ഡിഇഎസ്/3976/2022/ ഇഎ(3) ; തീയതി: 10-03-2023**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ പ്രവർത്തിച്ച് വരുന്ന നിശ്ചിത യോഗ്യത ഉള്ളവരും ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ മൂന്നു വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റം നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (5) സീനിയോരിറ്റി ലിസ്റ്റിൽ നിലവിലെ സീനിയറും യോഗ്യയുമായ ക്രമ നമ്പർ. 26 ആയ തലപ്പള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ഷിമ. പി. എം-ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ തൃശ്ശൂർ ജില്ലയിൽ നിയമനം നൽകുന്നതിന് ടിയാൾ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസിനു കീഴിൽ ഒരു ഒഴിവ് നിലവിലുണ്ടെന്ന് പരാമർശം (4) പ്രകാരം തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. ഷിമ. പി. എം, ഓഫീസ് അറ്റൻഡന്റിനെ 31100-66800 രൂപ ശമ്പള സ്കെയിലിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റ നിയമനം വഴി ഉദ്യോഗകയറ്റം നൽകിയും നിലവിൽ തസ്തിക മാറ്റ ഉദ്യോഗക്കയറ്റത്തിന് ഒഴിവുള്ള തൃശ്ശൂർ ജില്ലയിൽ നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ഷിമ. പി. എം -നെ യഥാസമയം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യേണ്ടതും ടിയാളെ ഉദ്യോഗക്കയറ്റം ലഭിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ശ്രീമതി. ഷിമ. പി. എം വിടുതൽചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
Nipun Joseph
Date: 10-03-2023 15:53:34

I/36236/2023

NIPUN JOSEPH
SENIOR ADMINISTRATIVE OFFICER

ശ്രീമതി.ഷിമ.പി.എം, ഓഫീസ് അറ്റൻഡന്റ്, (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, തൃശ്ശൂർ.
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
3. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർഎന്നിവരുടെ സി.എ
4. ഗ്രഡേഷൻ സെൽ / വിജിലൻസ്
5. ഫയൽ / കരുതൽ ഫയൽ